പ്രഭവൌ സർവവിദ്യാനാം സർവജ്ഞൌ ജഗദീശ്വരൌ
നാന്യസിദ്ധാമലജ്ഞാനം ഗൂഹമാനൌ നരേഹിതൈ: **(10-45-30)**
അഥോ ഗുരു കുലേ വാസമിച്ഛന്താവു പജഗ്മതു:
കാശ്യം സാന്ദീപനിം നാമ ഹ്യവന്തീപുരവാസിനം **(10-45-31)**
യഥോപസാദ്യ തൌ ദാന്തൌ ഗുരൌ വൃത്തിമനിന്ദിതാം
ഗ്രാഹയന്താവുപേതൌ സ്മ ഭക്ത്യാ ദേവമിവാദൃതൌ **(10-45-32)**

*ശുകമുനി തുടർന്നു:*
തൻെറ മാതാപിതാക്കളോടുള്ള പരമപ്രേമം കൊണ്ട് കൃഷ്ണൻ അവരുടെ മനസ്സിലെ മായയുടെ മൂടുപടം നിക്കി. സ്നേഹപൂർവ്വം 'അഛാ' 'അമ്മേ' എന്ന് വിളിച്ച് തൻെറ ശൈശവകാല സഹവാസം കൊണ്ട് അവർക്ക് ആനന്ദമേകാൻ കഴിയാത്തതിൽ അവരോട് മാപ്പിരന്നു. 'സ്വന്തം മാതാപിതാക്കളെ സേവിക്കാത്ത മക്കൾക്ക് ഇഹലോകത്തും യമലോകത്തും കിട്ടുന്ന ശിക്ഷ ഭയങ്കരമായിരിക്കും. വയസ്സു ചെന്ന അച്ഛനമ്മമാരെ പരിരക്ഷിക്കാത്ത മക്കൾ ജീവിച്ചിരിപ്പുണ്ടെങ്കിലും ചത്തതിനു സമമത്രെ.' കൃഷ്ണൻ പറഞ്ഞു. വസുദേവരും ദേവകിയും ആനന്ദചിത്തരായി മകനെ ഗാഢം പുണർന്നു.

പിന്നീട് കൃഷ്ണൻ കംസൻെറ പിതാവായ ഉഗ്രസേനനെ വീണ്ടും രാജാവായി വാഴിച്ചു. തങ്ങളെ ദ്രോഹിച്ചിരുന്ന കംസൻെറ മരണവാർത്തയറിഞ്ഞ് സ്വയം രാജ്യം വിട്ടുപോയിരുന്നവരും മറ്റും തിരിച്ചെത്തിയിരുന്നു. കൃഷ്ണൻ നന്ദഗോപരോട് പറഞ്ഞു. 'അവിടുന്ന് ഞങ്ങളോട് ഏറ്റവും സ്നേഹവും മമതയും കാണിച്ചി ട്ടുള്ള ആളാണ്. അഛനമ്മമാർ ഉപേക്ഷിച്ച ശിശുവിനെ സ്വന്തം ശിശുവായെണ്ണി സ്നേഹവാത്സല്യങ്ങൾ നൽകി പരിപാലിച്ചവർ തന്നെയാണ് അവൻെറ യഥാർത്ഥ മാതാപിതാക്കൾ. ഇപ്പോൾ ദയവായി വ്യജത്തി ലേയ്ക്കു തിരിച്ചു പോയാലും. ഞാൻ താമസിയാതെ അങ്ങോട്ടു വന്നുകൊള്ളാം. ഭഗവാൻ അവർക്ക് നിറയെ സമ്മാനങ്ങളും നൽകിയാണ് വൃന്ദാവനത്തിലേക്കു പറഞ്ഞയച്ചത്. മനമില്ലാ മനസ്സോടെ നന്ദഗോപർ കൃഷ്ണനോട് വിട പറഞ്ഞു.

അധികം താമസിയാതെ വസുദേവൻ രാമകൃഷ്ണൻമാർക്ക് ഉപനയനം നടത്തി. അവർ ബ്രഹ്മചര്യാ ശ്രമത്തിലേക്ക് കടന്നു. അവർ തീർച്ചയായും എല്ലാ ശാസ്ത്രങ്ങളിലും കലകളിലും നിപുണരായിരുന്നു. അവർ പരമമായ ആ വിജ്ഞാനത്തിനുടമകളാണല്ലോ. എങ്കിലും അതു മറച്ചുവച്ച് സാന്ദീപനിയുടെ ആശ്രമത്തിൽ ഗുരുകുലവാസമാഗ്രഹിച്ച് ചെന്നു. അവിടെയവർ ഗുരുവിനെ അതീവ ഭക്തിയോടെ സേവിച്ചു. ഒരുവന് തൻെറ ഗുരുവിനോടുണ്ടാവേണ്ട ഭക്തി എങ്ങിനെ വേണമെന്നതിന് അവർ ഉത്തമോദാഹരണങ്ങളായി.

അവിടെ അവർ എല്ലാ വേദശാസ്ത്രങ്ങളും കലകളും പഠിച്ചു. പാഠങ്ങൾ ഒരിക്കൽ കേട്ടാൽ തന്നെ അവരതിൽ നിപുണരായിത്തീർന്നു. വിദ്യാഭ്യാസം കഴിഞ്ഞ് ഗുരുകുലം വിടാറായപ്പോൾ ഗുരുദക്ഷിണയായി എന്തുവേണമെന്നവർ ഗുരുവിനോടാരാഞ്ഞു. ശിക്ഷ്യരുടെ ദിവ്യതയെപ്പറ്റി നല്ല അറിവുണ്ടായിരുന്ന സാന്ദീപനി സമുദ്രത്തിൽ മുങ്ങിമരിച്ചുപോയ തൻെറ മകനെ തിരികെ കൊണ്ടുവരാൻ ആവശ്യപ്പെട്ടു.

ഉടനേ തന്നെ കൃഷ്ണൻ സമുദ്രത്തിൽ ചെന്ന് അവിടത്തെ അധിദേവതയെ കണ്ടു. പാഞ്ചജനൻ എന്നൊരസുരനാണ് യുവാവിനെ വകവരുത്തിയതെന്ന് വരുണൻ പറഞ്ഞു. സമുദ്രത്തിലിറങ്ങി പാഞ്ചജനനെ കൃഷ്ണൻ വധിച്ചു. അസുരൻെറ രൂപം ഒരു ശംഖിൻേറതായിരുന്നു. പാഞ്ചജന്യം. അസുരനെ കൊന്നെങ്കിലും ഗുരുപുത്രനെ കണ്ടെത്തിയില്ല. കൃഷ്ണൻ യമലോകത്തു ചെന്ന് ശംഖൂതി. ഇതുകേട്ട് യമരാജൻ പുറത്തു വന്ന് യുവാവിനെ ജീവിപ്പിച്ച് കൃഷ്ണനു മുന്നിൽ നിർത്തി. ഗുരു കൃഷ്ണനിൽ സംപ്രീതനായി. സാന്ദീപനി പറഞ്ഞു. 'നിന്നെപ്പോലുള്ള ശിഷ്യൻമാരുള്ള ഗുരുക്കൻമാർ ഭാഗ്യം ചെയ്തവരത്രെ. അവരുടെ ആഗ്രഹങ്ങളെല്ലാം ക്ഷണേന സാധിക്കപ്പെടുന്നു. നിൻെറ മഹിമ എല്ലാവരെയും പവിത്രമാക്കട്ടെ.'

രാമകൃഷ്ണൻമാർ മധുരയ്ക്കു മടങ്ങി.